# ഈ വയലിന് മരണം വരെ ഞങ്ങൾ കാവൽ നിൽക്കും

**സുരേഷ് കീഴാറ്റൂർ**



**തളിപ്പറമ്പ്** നഗരസഭയിൽ നഗര കേന്ദ്രത്തിൽ നിന്നും നൂറ് മീറ്ററെങ്കിലും താഴ്ചയുള്ള പ്രദേശമാണ് കീഴാറ്റൂർ. പേര് സൂചിപ്പിക്കുന്ന പോലെ കീഴെ ആറൊഴുകുന്ന നാട്. കീഴാറ്റൂരിന്റെ മൂന്ന് ഭാഗത്തും മലകളാണ്. മലകൾക്ക് താഴെ 100-150 മീറ്ററോളം വീതിയിൽ നാല് കിലോമീറ്ററോളം നീളത്തിൽ വയലുകളാണ്. ജൂൺ-ജൂലായ് മാസത്തെ മഴയിൽ ഈ വയലുകൾ ഒരു പുഴപോലെയായി മാറും. ചുറ്റുമുള്ള മലകളിൽ നിന്നും വരുന്ന മുഴുവൻ ജലവും ഈ വയലിലാണ് ആഴ്ന്നിറങ്ങുന്നത്. നിലവിലുള്ള ദേശീയപാത ഈ വയൽ പ്രദേശത്ത് നിന്നും 100 മീറ്ററെങ്കിലും ഉയരത്തിലാണ്. ഹൈവേയിൽ നിന്നും ഈ വയലുകളിലൂടെ ബൈപ്പാസ് നിർമ്മിക്കാനാണ് ആലോചിക്കുന്നത്. തളിപ്പറമ്പ് നഗരസഭയിലെ പതിനായിരക്കണക്കിന് ജനങ്ങൾക്ക് വേണ്ടി മുപ്പത്തഞ്ച് വർഷത്തിലേറെയായി വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് നടക്കുന്നത് ഈ പ്രദേശത്ത് നിന്നാണ്. കടുത്ത വേനൽക്കാലത്ത് നഗരത്തിലെ ആശുപത്രികളും ഹോട്ടലുകളുമടക്കമുള്ള നിരവധി സ്ഥാപനങ്ങൾ വെള്ളം കൊണ്ടുപോകുന്നത് ഇവിടെ നിന്നാണ്. നഗരത്തിന്റെ ദാഹമകറ്റുന്ന ഈ ചെറിയ പ്രദേശത്തെയാണ് മണ്ണിട്ട് മൂടാൻ പോകുന്നത്. ഇതിന് മുമ്പ് ബൈപ്പാസിനായി പല വഴികളും ആലോചിച്ചിരുന്നു. പക്ഷെ ഒന്നര വർഷമായി ഈ വയലിലൂടെ തന്നെ റോഡ് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. വീടൊന്നും പോകില്ലല്ലോ പിന്നെന്താ വിട്ടുകൊടുത്താൽ എന്ന് ശുദ്ധഗതിക്കാരായ ആളുകൾ ചോദിക്കാറുണ്ട്. റോഡ് വയലിലൂടെ കൊണ്ടുപോകണമെങ്കിൽ വയലിലെ ചെളിമണ്ണ് മാറ്റണം. രണ്ട് ലക്ഷം ലോഡ് ചെളി എടുത്തുമാറ്റേണ്ടി വരും എന്നാണ് കണക്കാക്കുന്നത്. എന്നിട്ട് വയൽ മണ്ണിട്ട് നികത്തേണ്ടി വരും. അതിന് കുന്നുകൾ ഇടിക്കേണ്ടി വരും. വെള്ളത്തെ പിടിച്ചു നിർത്തുന്ന എത്രയോ കുന്നുകൾ ഇങ്ങനെ ഇടിച്ചു നിരത്തേണ്ടി വരും. ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ പഠനത്തിൽ ഈ നാലര കിലോമീറ്റർ വയൽ നികത്തണമെങ്കിൽ എട്ട് ലക്ഷത്തിൽ പരം ലോഡ് മണ്ണ് വേണമെന്നാണ് പറയുന്നത്. ലോഡിന് 700 രൂപ വച്ച് കണക്കാക്കിയാൽ എട്ട് ലക്ഷം ലോഡിന് എത്ര വലിയ തുകയാണ് വരുന്നത്. അത്രയും വലിയ തുക ആ നഗര പ്രദേശത്തിലെ രാഷ്ട്രീയ, ഉദ്യോഗസ്ഥ, റിയൽ എസ്റ്റേറ്റ് വിഭാഗം കൈകാര്യം ചെയ്യാൻ പോകുന്നു എന്നാണതിനർത്ഥം. വലിയ അഴിമതിയാണ് നടക്കാൻ പോകുന്നത്. അതുകൊണ്ടാണ് കീഴാറ്റൂർ സമരത്തിലേക്ക് വലിയ രാഷ്ട്രീയ പാർട്ടികളൊന്നും കടന്നുവരാത്തത്. ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള അകലം കുറയുന്നതായി മനസ്സിലാകുന്നത് ഇത്തരം സാഹചര്യങ്ങളിലാണ്. ശരിയായ ജനകീയ പ്രശ്നത്തോട് ഇടതും വലതും ഒരുപോലെ പെരുമാറുന്നു. ഒരുപാട് രാഷ്ട്രീയാനുഭവങ്ങൾ ഈ സമരം ഞങ്ങൾക്ക് തന്നു. വിഭജനത്തിന്റെ രാഷ്ട്രീയമാണ് അതിലൊന്ന്. ഒരു ബൈപ്പാസ് പ്രഖ്യാപിക്കുമ്പോൾ രണ്ട് മൂന്ന് റൂട്ടുകൾ അവർ ആദ്യം പറയും. ജനങ്ങളെ ഭിന്നിപ്പിക്കാനാണ് ഇത് ചെയ്യുന്നത്. ഞങ്ങളുടെ റൂട്ടിലൂടെ വേണ്ട, മറ്റേ റൂട്ട് മതിയെന്ന് ഒരോരുത്തരും പറയും. നാട്ടിലെ ജനങ്ങൾ തമ്മിലടിക്കും. ഹൈവേ മറ്റ് താത്പര്യങ്ങൾ പരിഗണിച്ച് പണിയും. അപ്പോഴേക്കും ജനങ്ങൾ ചിതറിയിട്ടുണ്ടാകും. ഞങ്ങൾ ആ ഭിന്നിപ്പ് ഒഴിവാക്കാനായി അക്കരെയുള്ളവരെയും ഇക്കരെയുള്ളവരെയും ഒന്നിച്ച് സംഘടിപ്പിച്ചു.

നിലവിലുള്ള നെൽവയൽ-തണ്ണീർത്തട നിയമം സർക്കാർ ഭേദഗതി ചെയ്തിരിക്കുകയാണ്. വ്യക്തികൾക്ക് നികത്താൻ പറ്റില്ലെങ്കിലും സർക്കാരിന് ഏത് വയലും നികത്താം എന്നതാണ് സ്ഥിതി. ഒരു പഠനവും വേണ്ട എന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറി. വി.എസ്. അച്യുതാനന്ദനെപ്പോലെ ആത്മാർത്ഥമായി ഈ നിയമം നിർമ്മിക്കാൻ നിന്ന ഒരു മനുഷ്യനെ സാക്ഷി നിർത്തിയാണ് നെൽവയൽ-തണ്ണീർത്തട നിയമത്തിന്റെ കൈയും കാലും അരിയുന്നത് എന്നതാണ് അവസ്ഥ.

വയലുകാവൽ സമരത്തിൽ നിന്നാണ് ഞാൻ വരുന്നത്. കഞ്ഞിയും ചായയും ചോറുമെല്ലാം വയലിൽ തന്നെ വച്ച് കുടിച്ച് കാവലിരിക്കുകയായിരുന്നു ഞങ്ങൾ. നോട്ടിഫിക്കേഷൻ വന്നു കഴിഞ്ഞു. ഇനി ഏത് നിമിഷവും അളക്കാൻ ആളുകൾ വരും. അളക്കാൻ വരുന്നതിന്റെ ഭാഗമായി ശക്തമായ പ്രതിരോധം തീർക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

നമ്മുടെ ഈ കൂടിച്ചേരൽ പരാജയപ്പെട്ടവരുടെ ഒരു കൂടിച്ചേരലായി തോന്നാം. പക്ഷെ ഇത്തരം കൂടിച്ചേരൽ രാജ്യം മുഴുവൻ നടക്കുകയാണെങ്കിൽ അത് വിജയിച്ചവരുടെ ഒരു കൂടിച്ചേരലായി മാറും. ഞങ്ങളുടെ സമരത്തിലൂടെ ഒരുപാട് അമ്മമാർ ഉയർത്തെഴുന്നേറ്റ് വന്നു. ഏതൊരാളെയും പോലെ ഈ വിഷയത്തെക്കുറിച്ച് അവർ ആധികാരികമായി സംസാരിക്കും. ആ ഒരു അവബോധമാണ് ഞങ്ങളുടെ സമരം സമൂഹത്തിന് നൽകിക്കൊണ്ടിരിക്കുന്നത്. അത്തരമൊരു സമരത്തിന് നിങ്ങളുടെ മുഴുവൻ പിന്തുണയും വേണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

*(റൈറ്റ് ടു ഡിസന്റ് പരിപാടിയിൽ സംസാരിച്ചത്)* ■